# മത്സ്യത്തൊഴിലാളികളുടെ ദുരിതപർവം

ഹംസ കടവത്ത്

**ആഗോള** ഭീമന്മാർ കണ്ണുവെക്കുന്ന ഒരു സുപ്രധാന മേഖലയാണ് ഇന്ത്യയുടെ തീരപ്രദേശം. കരയിൽനിന്ന് നാൽപത് കിലോമീറ്റർ അകലെവരെ ബഹുരാഷ്ട്ര കുത്തക കപ്പലുകൾക്ക് യഥേഷ്ടം മത്സ്യമൂറ്റാൻ ഇപ്പോൾ അനുമതിയായി. ഉപഗ്രഹ സംവിധാനവും അത്യാധുനിക സജ്ജീകരണങ്ങളും പ്രയോജനപ്പെടുത്തി മത്സ്യസമ്പത്ത് കോരിയെടുക്കാം. നമ്മുടെ കടലിൽനിന്ന് കവർന്നെടുക്കുന്ന മത്സ്യം ഇന്ത്യയിലേക്കുതന്നെ ഇറക്കുമതി ചെയ്ത് വിറ്റഴിക്കാം. കേരളം ഉൾപ്പെടെയുള്ള മത്സ്യ വിപണികളിൽ ഇന്ന് തായ്‌വാനിൽനിന്നുള്ള മത്സ്യങ്ങൾ സുലഭമാണ്. കടലിലും കരയിലും ബഹുരാഷ്ട്ര ഭീമന്മാരോട് മത്സരിക്കാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അറബിക്കഥകളിലെ കടൽഭൂതങ്ങളുടെ അസാമാന്യ സിദ്ധിവൈഭവംതന്നെ വേണ്ടിവരും.

ആഗോളവത്കരണത്തിന്റെ ദുരന്തം ആഴക്കടലിലെ വൈദേശിക മത്സ്യക്കവർച്ചയിൽ ഒതുങ്ങുന്നില്ല. തീരം ഒന്നടങ്കം കൈയിലെടുക്കാനും ആഗോളശക്തികൾക്ക് ഒളിയജണ്ടകളുണ്ട്. കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങളുടെ ഒത്താശയോടെ വിവിധ ക്ഷേമ പദ്ധതികൾ ഉയർത്തിക്കാട്ടിയാണ് ഇവ നടപ്പാക്കാൻ ശ്രമിക്കുന്നത്.

പച്ചവെള്ളം വിൽപനച്ചരക്കാക്കി ജലവിതരണം സ്വകാര്യ മേഖലക്ക് കൈമാറുന്ന കേരള സർക്കാറിന്റെ ജലനയം, തീരത്ത് കണ്ണുവെച്ച ആഗോളശക്തികളുടെ കച്ചവട താൽപര്യങ്ങൾ കൂടി സംരക്ഷിക്കാനാണ്. ജലനിധി പ്രോജക്ടുകൾ വഴി തീരത്തിന്റെ ജലസ്രോതസ്സുകളെ കുറിച്ച് കൃത്യമായ വിവരം ഇതിനകം ആഗോളശക്തികൾ ശേഖരിച്ചിട്ടുണ്ട്. കടലോരത്തെ സമൃദ്ധമായ ഭൂഗർഭജലം ഊറ്റിയെടുക്കാനുള്ള ദീർഘകാല പദ്ധതികൾക്കും തുടക്കമായിക്കഴിഞ്ഞു. കാലങ്ങളായി കടലോരത്ത് താമസിച്ചുവരുന്നവരെ ധൃതിയിൽ മാറ്റിത്താമസിപ്പിക്കാൻ ശ്രമങ്ങൾ നടക്കുന്നതും 200 മീറ്റർ പരിധിയിൽ യാതൊരു എടുപ്പുകളും കെട്ടിപ്പൊക്കാൻ അനുമതി നിഷേധിക്കുന്നതും ഇതിന്റെ ഭാഗമാണ്. എടുപ്പുകൾ കെട്ടിപ്പൊക്കാൻ പാടില്ല എന്നത് മാത്രമാണ് പുതിയ നിയമം. കിണറുകളും കുഴൽ കിണറുകളും എടുപ്പുകളല്ലാത്തതിനാൽ കുത്തകകളുടെ ഭീമൻ കിണറുകളുടെ നിർമാണം തീരദേശ സംരക്ഷണ നിയമങ്ങൾക്ക് പുറത്തായിരിക്കും. ഇപ്പോൾ സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഹരിത തീരം (തീരവനം) പദ്ധതി സൂനാമിയെ പ്രതിരോധിക്കാനും നിബിഡ വനം കൊണ്ട് പ്രകൃതിക്ക് പരിരക്ഷ നൽകാനുമുള്ള പരിപാടിയാണെന്ന് തെറ്റിദ്ധരിക്കപ്പെടാം. മന്ത്രിമാരും ചില പ്രകൃതിസ്നേഹികളും അത്തരം പ്രചാരണങ്ങളാണ് നടത്തുന്നത്. പക്ഷേ, പദ്ധതിയുടെ മറവിൽ, തീരദേശ സമൂഹത്തെയും സംസ്കാരത്തെയും വേരോടെ പിഴുതെറിയാനുള്ള ശ്രമമല്ലേ നടക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഹരിതതീരം പദ്ധതിവഴി തീരം വനനിബിഡമാകുന്നതോടെ, ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളും മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലിടങ്ങളും തീരദേശ ജനതയുടെ ആവാസ സ്ഥലങ്ങളും ഉൾപ്പെടെ ആയിരക്കണക്കിന് ഹെക്ടർ സർക്കാർ ഉടമസ്ഥതയിലേക്ക് മാറുകയും തീരം മത്സ്യത്തൊഴിലാളികൾക്ക് അന്യമാവുകയും ചെയ്യും. വനപ്രദേശമായി പ്രഖ്യാപനം ഉണ്ടാവുന്നതോടെ ഫോറസ്റ്റ് ആക്ട് നിലവിൽവരും. അങ്ങോട്ട് പ്രവേശിക്കാൻ പിന്നീട് അനുമതി വേണ്ടിവരും.

തീരത്തെ 200 മീറ്റർ പരിധിയിലാണ് മത്സ്യത്തൊഴിലാളികളിൽ 90 ശതമാനവും ജീവിക്കുന്നത്. ഇവരെ ഒഴിപ്പിക്കാനുള്ള നടപടിയാണ് പൂർത്തിയാവുന്നത്. 50, 100, 200 മീറ്റർ പരിധിയിലുള്ളവരെ ഘട്ടം ഘട്ടമായി ഒഴിപ്പിക്കാനാണ് നീക്കം. വറുതിയുടെ നാളുകളിൽ ഒരാഴ്ചത്തെ സൗജന്യ റേഷൻ അനുവദിക്കാൻ പെടാപ്പാട് പെടുന്ന സർക്കാർ തീരത്തെ ലക്ഷക്കണക്കിന് കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കോടികൾ ചെലവിടാൻ സന്നദ്ധമാകുന്നതിന്റെ പിന്നിലെ ആഗോളതാൽപര്യം വ്യക്തമാണ്. ദേശീയ തീരദേശ സംരക്ഷണ പദ്ധതിക്ക് എ.ഡി.ബി സഹായം തേടാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കവും ആശങ്കയോടെ കാണേണ്ടതാണ്. സംരക്ഷണ പദ്ധതിയുടെ രൂപരേഖ ഇതിനകം ധനകാര്യ മന്ത്രാലയം എ.ഡി.ബിക്ക് സമർപ്പിച്ചതായാണ് വിവരം. നിർമാണ പ്രവർത്തനങ്ങളുൾപ്പെടെയുള്ള പദ്ധതിക്ക് എ.ഡി.ബി വായ്പ അനുവദിക്കുകയാണെങ്കിൽ അവർ വെക്കുന്ന നിബന്ധനകൾ എന്തായിരിക്കുമെന്നും അവ തീരദേശത്തെ എപ്രകാരം ബാധിക്കുമെന്നും നമുക്ക് ചിന്തിക്കാവുന്നതാണ്.

തീരദേശ വാസികൾ നന്നായി ഭക്ഷണം കഴിക്കുന്നവരാണ്. കടലിന്റെ കനിവിൽ കൈയിൽ വന്നണയുന്ന സുഭിക്ഷത നാളേക്ക് നീക്കിവെക്കുന്ന പ്രകൃതം ഇവരിൽ തീരെയില്ല എന്നതാണ് നേര്. നന്നായി ഭക്ഷണം കഴിച്ച് ശീലിച്ച ഇക്കൂട്ടർ കടക്കാരായി മാറുന്നതും ബ്ലേഡ് പലിശക്കെണിയിൽ അകപ്പെടുന്നതും വിശപ്പടക്കാൻ വേണ്ടി മാത്രമാണ്. തീരദേശങ്ങളിലെ സർവീസ് സഹകരണ ബാങ്കുകളാണ് കാര്യമായ ആശ്രയം. വറുതിയുടെ നാളിൽ തങ്ങളുടെയും തങ്ങൾക്ക് കിട്ടാവുന്നവരുടെയും സ്വർണാഭരണങ്ങൾ ബാങ്കിൽ പണയത്തിനായി എത്തും. ഇങ്ങനെയാണ് തീരദേശ സഹകരണ ബാങ്കുകൾ പണിതുയർത്തിയ പലിശ സാമ്രാജ്യങ്ങൾ നാൾക്കുനാൾ കൊഴുത്തുവരുന്നത്. ഇപ്പോൾ കഴുത്തറുപ്പൻ ധനകാര്യ സ്ഥാപനങ്ങളും തീരദേശം കൈയടക്കിയിരിക്കുന്നു. തീരദേശ കുടുംബിനിമാരെ വലയിലാക്കാൻ തമിഴ്നാടൻ മൊബൈൽ ബ്ലേഡുകളും സജീവം. ധൂർത്തിനും ദുർവ്യയത്തിനുമല്ല ബ്ലേഡുകാരെ സമീപിക്കുന്നത് എന്നതിനാൽ പരിധിയിൽ കവിഞ്ഞ ഋണബാധ്യത മറ്റു മേഖലകളെ പോലെ ബ്ലേഡ് വഴി കടലോരത്തെ ബാധിച്ചിട്ടില്ല.

മത്സ്യം കരക്കെത്തിക്കുന്ന അടിസ്ഥാന ജനവിഭാഗമാണ് എന്നും ദുരിതപർവം പേറുന്നത്. അവിടന്നങ്ങോട്ടുള്ള ചെറുതും വലുതുമായ ഇടനിലക്കാരാണ് കൈനനയാതെ മീൻ പിടിക്കുന്നത്.

മത്സ്യം ലഭിക്കുമ്പോൾ 40 ശതമാനം ലാഭ വിഹിതം കൃത്യമായി വള്ളം മുതലാളിക്ക് നീക്കിവെക്കണം.

ഹവാലകൾ എന്ന പേരിൽ അറിയപ്പെടുന്ന, മത്സ്യം വിറ്റ് കൊടുക്കുന്ന ഏജന്റുമാർക്ക് അഞ്ചു ശതമാനം വേറെ വകയിരുത്തണം. 'ഹവാലകൾ' പണ്ടെങ്ങോ ഒന്നോ രണ്ടോ ലക്ഷം നൽകി വള്ളങ്ങളെ സഹായിച്ച് മാറിനിൽക്കുന്നവരാണ്. ഇവരെ 5 ശതമാന വിഹിതത്തിൽനിന്ന് നീക്കണമെങ്കിൽ ഈ തുക തിരിച്ചേൽപിക്കണം. അവിടന്നങ്ങോട്ട് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കച്ചവടക്കാർ മുതൽ കയറ്റുമതിക്കാർ തൊട്ട് ഫാക്ടറികൾ അടക്കം നേട്ടങ്ങൾ കൊയ്ത് വാരുകയാണ്. മത്സ്യത്തൊഴിലാളികളുടെ അധ്വാനവും ഇന്ധന ചെലവും നഷ്ടമാവാത്ത വിധം അടിസ്ഥാന വില കണക്കാക്കി മത്സ്യ മാർക്കറ്റിൽ ലേലം വിളിക്കുക മാത്രമേ ഇതിന് പരിഹാരമുള്ളൂ.

## മത്സ്യബന്ധന രീതി

2000 മെയിൽ സംസ്ഥാന ഫിഷറീസ് വകുപ്പ് പുറത്തിറക്കിയ ഗ്രന്ഥത്തിൽ സംസ്ഥാനത്ത് രണ്ടു ലക്ഷത്തി നാൽപത്തി ഏഴായിരം പുരുഷ മത്സ്യത്തൊഴിലാളികളും രണ്ടു ലക്ഷത്തി മുപ്പത്തി ഒമ്പതിനായിരം സ്ത്രീ തൊഴിലാളികളുമുണ്ട് എന്ന് പറയുന്നു. ഇതിൽ സജീവ മത്സ്യത്തൊഴിലാളികൾ ഒരു ലക്ഷത്തി അറുപതിനായിരമാണ് (പുരുഷന്മാർ). അനുബന്ധ തൊഴിൽ മേഖലകളിൽ ബീച്ച് തൊഴിലാളികൾ: പുരുഷന്മാർ 70.07 ശതമാനം, സ്ത്രീകൾ 26.93 ശതമാനം. ചെറുകിട കച്ചവടക്കാർ: 70.06 പുരുഷന്മാർ, 29.95 ശതമാനം സ്ത്രീകൾ. ഉണക്ക മത്സ്യത്തൊഴിലാളികൾ: 33.53 ശതമാനം പുരുഷന്മാർ, 66.47 ശതമാനം സ്ത്രീകൾ. പീലിംഗ് തൊഴിലാളികൾ: 9.68 ശതമാനം പുരുഷന്മാർ, 90.32 ശതമാനം സ്ത്രീകൾ. ഫാക്ടറി തൊഴിലാളികൾ: 41.15 ശതമാനം പുരുഷന്മാർ, 58.85 ശതമാനം സ്ത്രീകൾ എന്നിങ്ങനെയാണ് കണക്ക്.

ചുണ്ടൻ വള്ളങ്ങളാണ് സാർവത്രികം. ഒരൊറ്റ തവണ ആഴക്കടൽ മീൻ പിടിത്തത്തിന് ഇവയുടെ പോക്കുവരവിന് മാത്രം ഇന്ധന ചെലവിൽ പതിനായിരം രൂപ ചെലവു വരും. 40 തൊഴിലാളികൾക്ക് ഒരാൾക്ക് 100 രൂപ എന്ന തോതിൽ ചായപ്പണം (ഇത് പിന്നീട് ചാരായ പണമായി) ഇനത്തിൽ 4,000 രൂപ നീക്കിവെക്കണം. ദിനംപ്രതി പതിനായിരം രൂപ ഇങ്ങനെ ചെലവ് നീക്കിവെക്കേണ്ട വള്ളങ്ങൾക്ക് ലക്ഷങ്ങളുടെ മത്സ്യം കിട്ടിയാൽ തൊഴിലാളിക്ക് ലഭിക്കുന്ന വിഹിതം മൂന്നക്ക സംഖ്യയിൽ ഒതുങ്ങുന്നു. പായ വിരിച്ചും തണ്ട് തുഴഞ്ഞുമുള്ള ചെറുവള്ളങ്ങൾ ഉൾവലിഞ്ഞതോടെ ചുണ്ടൻ വള്ളങ്ങളും ബോട്ടുകളും ബഹുരാഷ്ട്ര കപ്പലുകളും മത്സ്യസമ്പത്ത് ഊറ്റിയെടുക്കുകയാണ്. തീവ്ര മത്സ്യബന്ധനം വഴി ഇതിനകം കടലിലെ 30 ശതമാനം മത്സ്യസമ്പത്ത് കുറ്റിയറ്റതായും 40 വർഷത്തിനകം കടൽ മത്സ്യസമ്പത്ത് പാടേ ഇല്ലാതാകുമെന്നും ഈയിടെ നടന്ന ഒരു അമേരിക്കൻ ഗവേഷണ പഠനം കണ്ടെത്തിയതായി മലപ്പുറം ജില്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ വി.പി സോമസുന്ദരൻ പറഞ്ഞു. ചുണ്ടൻ വള്ളങ്ങളോടൊപ്പം തന്നെ, വിരളമെങ്കിലും ചെറുതോണികളിൽ വിവിധതരം മീൻപിടിത്ത രീതിയും നിലനിൽക്കുന്നുണ്ട് ഇവ എൽ.ടി.ടി, ചാള, ഡിസ്കോ ഒഴുക്കൽ എന്നീ പേരുകളിൽ അറിയപ്പെടുന്നു.

മത്സ്യത്തൊഴിലാളികളുടെ ഇല്ലായ്മ മുതലെടുക്കാൻ തീരത്ത് എണ്ണ മാഫിയയും നിലയുറപ്പിച്ചിട്ടുണ്ട്. മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റുകൾ പണയത്തിനെടുത്ത് ഇവർ വലിയ വിലയ്ക്ക് കരിഞ്ചന്ത നടത്തുന്നു. പലപ്പോഴും സീസണുകളിൽ മത്സ്യത്തൊഴിലാളികൾ തങ്ങളുടെ പെർമിറ്റ് വിഹിതം കരിഞ്ചന്തയിൽനിന്ന് വലിയ വില നൽകി വാങ്ങുകയാണ്.

നിലവിലുള്ള സംവരണ നിയമങ്ങളും തീരദേശക്കാരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. 95 ശതമാനം പേരും മത്സ്യത്തൊഴിലാളികളായ ലത്തീൻ കത്തോലിക്കാ വിഭാഗത്തിനും ധീവര-അരയ മുക്കുവ സമൂഹത്തിനും സർക്കാർ തലത്തിൽ പ്രത്യേക തൊഴിൽ സംവരണം നിലനിൽക്കുന്നുണ്ട്. എന്നാൽ മുസ്‌ലിം മത്സ്യബന്ധന കുടുംബങ്ങൾക്ക് ഇത്തരമൊരു ആനുകൂല്യമില്ല. ഒരൊറ്റ സമുദായമെന്ന നിലയിൽ വിവേചനം ഇഷ്ടപ്പെടാത്ത മുസ്‌ലിം സമുദായം ക്രീമിലെയറിനെ പാടെ അടച്ചാക്ഷേപിക്കുമ്പോൾ, മത്സ്യബന്ധനത്തിലേർപ്പെട്ട അവരുടെ സഹോദരങ്ങളെ കാണാതെ പോകുന്നു. എന്നാൽ കടലോരത്തെ മത്സ്യത്തൊഴിലാളികളുടെ ദുരിതം കാണിച്ച് സർക്കാറിൽനിന്ന് എയ്ഡഡ് സ്ഥാപനങ്ങൾ അടിച്ചെടുത്ത സമുദായ മാനേജ്മെന്റ് ആ സ്ഥാപനങ്ങളിൽ ഇവർക്ക് ഒരു അറ്റന്റർ പോസ്റ്റ് പോലും നീക്കിവെക്കാറില്ലെന്നതും വാസ്തവമാണ്.

## ഫിഷിംഗ് ഹാർബർ

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങളിൽ തൊഴിലുമായി ബന്ധപ്പെട്ട ഏറ്റവും അനിവാര്യമായതത്രെ ഫിഷിംഗ് ഹാർബറുകൾ. കേന്ദ്ര, സംസ്ഥാന മന്ത്രിമാർക്ക് മലപ്പുറത്തുനിന്ന് യാതൊരു പഞ്ഞവുമില്ലെങ്കിലും ജില്ലയിൽ ഇതുവരെയായി സൗകര്യപ്രദമായ ഒരൊറ്റ ഹാർബറുമില്ല. മലപ്പുറം ജില്ലക്ക് അനുവദിക്കപ്പെട്ട നിർദിഷ്ട ഹാർബർ താനൂർ, പരപ്പനങ്ങാടി കടപ്പുറങ്ങളിൽ വരുമെന്ന പ്രതീക്ഷക്ക് ഒരു പതിറ്റാണ്ടിലേറെ പഴക്കമുണ്ട്. ആവശ്യം മത്സ്യത്തൊഴിലാളികളുടേതായതിനാൽ കാര്യങ്ങൾക്ക് അത്രയൊക്കെ വേഗതമതിയെന്നാണ് അധികാരികളുടെ മട്ട്.

ഫിഷിംഗ് ഹാർബർ ഇല്ലാത്തതിനാൽ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം വലുതാണ്. മഴക്കാലങ്ങളിൽ ബേപ്പൂരിലേക്ക് വള്ളങ്ങൾ മാറ്റിയിടേണ്ടിവരുന്നു. ട്രക്കുകളിൽ കുത്തിനിറച്ച് തൊഴിലാളികളുടെ പോക്കുവരവ് ഭീതി ജനിപ്പിക്കുന്നു. ഇത്തരമൊരു വാഹനമാണ് രണ്ടു വർഷം മുമ്പ് വള്ളിക്കുന്ന് അത്താണിക്കലിനടുത്തുവെച്ച് അപകടത്തിൽ പെട്ട് എട്ടു ജീവനുകൾ ഹനിക്കപ്പെട്ടത്. അന്ന് ഹാർബറിനെ കുറിച്ച് ചർച്ച സജീവമായെങ്കിലും പിന്നീട് കെട്ടടങ്ങി. അതിനു മുമ്പ് ചാലിയത്തെ മലവെള്ളപ്പാച്ചിലിൽ ചെട്ടിപ്പടി കടപ്പുറത്തെ മത്സ്യത്തൊഴിലാളികളുടെ കോടികളുടെ മത്സ്യബന്ധന സാമഗ്രികൾ തകർന്നു. അന്നത്തെ മന്ത്രി കെ.വി. തോമസും മറ്റും നഷ്ടപരിഹാരം നൽകുമെന്നേറ്റു. പക്ഷേ ചില്ലിക്കാശ് കിട്ടിയില്ല. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിൽ ഹാർബറുകളുണ്ട്. മലപ്പുറം ജില്ലയിലെ ഫിഷിംഗ് ഹാർബറിന് ഇതിനകം സംസ്ഥാന സർക്കാർ പ്രാഥമിക ഫണ്ട് അനുവദിച്ചുവെങ്കിലും താനൂരോ പരപ്പനങ്ങാടിയോ എന്ന ചോദ്യത്തിനപ്പുറം ചുവപ്പുനാട അഴിയുന്ന ലക്ഷണം കാണുന്നില്ല.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നിലവിൽ ക്ഷേമനിധിയിൽനിന്നുള്ള വിവാഹ-വിദ്യാഭ്യാസ-വീടുനിർമാണ സഹായങ്ങളും തുലോം കുറവാണ്. 60 വയസ്സ് പിന്നിട്ടാൽ 120 രൂപയാണ് ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ തുക. 40,000 രൂപയാണ് വീടുനിർമാണത്തിന് സൗജന്യമായി നൽകുന്നത്. അറ്റകുറ്റ പണികൾക്ക് ഇരുപതിനായിരം. ജില്ലാ കലക്ടർ ചെയർമാനും നാല് തീരദേശ എം.എൽ.എമാർ, തീരദേശ എം.പിയുടെ പ്രതിനിധി, സർക്കാർ നോമിനി എന്നിവർ ചേർന്നുള്ള ബെനിഫിഷറി കമ്മിറ്റിയാണ് വീട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. മലപ്പുറം ജില്ലയിൽ നേരത്തേ പാർട്ടി നോക്കി ആനുകൂല്യം നൽകുന്ന രീതി നാലു വർഷം മുമ്പ് ശിവശങ്കരൻ ജില്ലാ കലക്ടറായതോടെ നിർത്തലാക്കിയത് വലിയ ആശ്വാസമായി. ■